117/DGE/HSE/NSS/2022


പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
നാഷണൽ സർവ്വീസ് സ്കീം
(ഹയർ സെക്കന്ററി വിഭാഗം)
ഹൗസിങ് ബോർഡ് ബിൽഡിംഗ്
ശാന്തി നഗർ, തിരുവനന്തപുരം
04712323023
dhsensskerala@gmail.com


തീയതി : 28.11.2022

**<u>സർക്കുലർ</u>**

**വിഷയം : ഹയർസെക്കന്ററി എൻ.എസ്.എസ്. സപ്തദിന സഹവാസക്യാമ്പ് - സംബന്ധിച്ച്**

# ‘വെളിച്ചം -2022’

# വെളിച്ചത്തിനെന്തുവെളിച്ചം

**സപ്തദിന സഹവാസക്യാമ്പ്**

ഹയർ സെക്കന്ററി നാഷണൽ സർവ്വീസ് സ്കീം 2022-23 വർഷത്തെ സപ്തദിന സഹവാസ ക്യാമ്പ് ‘വെളിച്ചം -2022’ എന്ന പേരിൽ സംഘടിപ്പിക്കുന്നു.

ഡിസംബർ 24-26 ദിവസങ്ങളിൽ ആരംഭിച്ച് തുടർച്ചയായ ഏഴുദിവസങ്ങളിലായി ക്യാമ്പ് സംഘടിപ്പിക്കേണ്ടതാണ്.

സംസ്ഥാന സർക്കാർ പരിപാടിയായ ‘Say no to drugs’ - ലഹരി വിരുദ്ധ പ്രചാരണ പരിപാടിയാണ് ഈ വർഷത്തെ ക്യാമ്പിന്റെ മുഖ്യ ആശയം.

ക്യാമ്പ് സംഘാടനത്തിലും നിർവ്വഹണത്തിലും അനുവർത്തിക്കേണ്ട മുഖ്യ മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

# ‘വെളിച്ചം -2022’

# വെളിച്ചത്തിനെന്തുവെളിച്ചം

**സൂക്ഷ്മതല നിർവ്വഹണ നിർദ്ദേശങ്ങൾ**

ഹയർസെക്കന്ററി നാഷണൽ സർവ്വീസ് സ്കീം സപ്തദിന സഹവാസക്യാമ്പ് ‘വെളിച്ചം -2022’ സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് പാലിക്കേണ്ട പൊതു നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

01. ‘വെളിച്ചം -2022’ ന്റെ നടത്തിപ്പിനായി യുണിറ്റ് തല സംഘാടക സമിതിരൂപീകരിക്കേണ്ടതാണ്. യൂണിറ്റ്തല ഉപദേശകസമിതിയംഗങ്ങളോടൊപ്പം ജനപ്രതിനിധികൾ, ആരോഗ്യവകുപ്പുദ്യോഗസ്ഥർ, ആശാവർക്കർമാർ, കുടുംബശ്രീ സി.ഡി.എസ്. അംഗങ്ങൾ, സാംസ്ക്കാരിക പരിസ്ഥിതി പ്രവർത്തകർ മുതലായവരെകൂടി സമിതിയിൽ ഉൾപ്പെടുത്തി ജനകീയ പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.

    സംഘാടകസമിതിയുടെ തീരുമാനങ്ങൾ യൂണിറ്റ് ഉപദേശകസമിതിയുടെ മിനിട്സ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. ഇത്തവണത്തെ ക്യാമ്പ് മോണിറ്ററിംഗ് സമയത്ത് ഇത് പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്.

02. ക്യാമ്പിന്റെ ആരംഭ ദിവസം രജിസ്ട്രേഷൻ നടത്തുകയും ഉചിതമായരീതിയിൽ ഉദ്ഘാടന സമ്മേളനം നടത്തുകയും ചെയ്യേണ്ടതാണ്.

03. ക്യാമ്പ് ആരംഭിക്കുന്ന ദിവസം ഉദ്ഘാടന സമ്മേളനത്തിന് മുന്നോടിയായി വിളംബര റാലി നടത്തേണ്ടതാണ്. ക്യാമ്പ് മുന്നോട്ടു വയ്ക്കുന്ന മുഖ്യ ആശയങ്ങൾ, ലഹരിവിരുദ്ധ സന്ദേശങ്ങൾ തുടങ്ങിയവ ആലേഖനം ചെയ്ത പ്ലക്കാർഡുകൾ റാലിയിൽ പ്രദർശിപ്പിക്കേണ്ടതാണ്.

04. ക്യാമ്പ് പ്രൊപ്പോസൽ, സംബന്ധിച്ച ഗൂഗിൾ ഫോം ലിങ്ക് ജില്ലാകൺവീനർമാർ വഴി നൽകുന്നതാണ് ടി പ്രൊപ്പോസൽ ഡിസംബർ 12 നു മുമ്പായി പ്രോഗ്രാം ഓഫീസർ പൂരിപ്പിച്ച് സമർപ്പിക്കേണ്ടതാണ്. ഡിസംബർ 15 നു മുമ്പായി ക്യാമ്പ് പ്രൊപ്പോസൽ ജില്ലാതല ക്രോഡീകരണം നടത്തി ഹയർസെക്കന്ററി സംസ്ഥാന എൻ.എസ്.എസ്. സെല്ലിൽ സമർപ്പിക്കേണ്ടതാണ്. (soft copy)

05. 'വെളിച്ചം -2022' ന്റെ സംഘാടനവുമായി ബന്ധപ്പെട്ട പ്രീ-ക്യാമ്പ് ഓറിയന്റേഷൻ ഡിസംബർ 3,4 തീയതികളിലായി റസിഡൻഷ്യലായി സംഘടിപ്പിക്കേണ്ടതാണ്. ഒരു യൂണിറ്റിൽ നിന്ന് 2 മുതൽ 4 വരെ വോളന്റിയർമാരെയാണ് ( ആൺകുട്ടികൾ, പെൺകുട്ടികൾ തുല്യമായി) പ്രീക്യാമ്പ് ഓറിയന്റേഷനിൽ പങ്കെടുപ്പിക്കേണ്ടത്. പ്രീ ക്യാമ്പ് ഓറിയന്റേഷൻ സംബന്ധിച്ച വിശദാംശങ്ങൾ ജില്ലാ കൺവീനർമാർ നൽകുന്നതാണ്.

06. ക്യാമ്പിംഗ് വിദ്യാലയം യൂണിറ്റിൽ നിന്ന് 3 മുതൽ 8 വരെ കിലോമീറ്റർ പരിധിക്കുള്ളിൽ ആയിരിക്കണം. പൊതുവിദ്യാലയങ്ങളിൽ മാത്രമേ ക്യാമ്പുകൾ സംഘടിപ്പിക്കാൻ അനുമതിയുള്ളൂ. യൂണിറ്റുകൾ തമ്മിൽ ക്യാമ്പിംഗ് കേന്ദ്രങ്ങൾ പരസ്പരം വച്ചുമാറി നടത്താൻ പാടില്ല.

07. ക്യാമ്പ് ബാനറുകളുടെ സോഫ്റ്റ് കോപ്പി എൻ.എസ്.എസ്. സെൽ തയ്യാറാക്കി നൽകും. ആയതിൽ സ്കൂളിന്റെ പേര് തീയതി എന്നിവ കൂട്ടിച്ചേർത്ത് തുണിയിൽ പ്രിന്റ് ചെയ്ത് ഉപയോഗിക്കാം. സ്കൂൾ കവാടത്തിലും ഓഡിറ്റോറിയത്തിലുമായി രണ്ടു ബാനറുകൾ ക്രമീകരിക്കേണ്ടതാണ്.

08. 'വെളിച്ചം -2022' കാര്യപരിപാടികൾ വിവിധ സെഷനുകൾ, ഉദ്ഘാടന, സമാപനസമ്മേളനങ്ങൾ എന്നിവ വിശദമാക്കുന്ന അച്ചടിച്ച നോട്ടീസ് തയ്യാറാക്കേണ്ടതും ക്യാമ്പിനു മുൻപായി എൻ.എസ്.എസ്. സെല്ലിലേക്ക് ജില്ലാകൺവീനർമാർ വശം നൽകേണ്ടതുമാണ്. ക്യാമ്പ് നോട്ടീസിൽ സമയക്രമം സൂചിപ്പിച്ചാണ് തയ്യാറാക്കേണ്ടത്. ക്യാമ്പിലേക്കുള്ള റൂട്ട്മാപ്പ് നൽകിയിരിക്കണം.

09. ക്യാമ്പിൽ പങ്കെടുക്കുന്ന വോളന്റിയർമാരുടെ രക്ഷാകർത്താക്കളുടെ യോഗം വിളിച്ചുചേർത്ത് ക്യാമ്പ് നടത്തിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ അവരെ ബോധ്യപ്പെടുത്തുകയും അവരുടെ ഒപ്പോടുകൂടിയ സമ്മതപത്രം വാങ്ങി സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

10. ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ/പോലീസ്/ആശുപത്രി ജനപ്രതിനിധികൾ ക്യാമ്പ് പ്രദേശത്തെ പ്രമുഖ വ്യക്തികൾ എന്നിവരെ സ്പെഷ്യൽ ക്യാമ്പ് മുൻകൂട്ടി അറിയിക്കേണ്ടതാണ്. സമീപത്തുള്ള പോലീസ് സ്റ്റേഷന്റെയും ആശുപത്രിയുടെയും ഫോൺ നമ്പർ അടക്കമുള്ള വിവരങ്ങൾ ക്യാമ്പിൽ പ്രദർശിപ്പിക്കേണ്ടതാണ്.

11. സ്പെഷ്യൽ ക്യാമ്പിൽ അധ്യാപികമാരുടെയും അധ്യാപകരുടെയും സാന്നിദ്ധ്യവും സഹകരണവും പ്രിൻസിപ്പൽമാർ പ്രത്യേകം ഉറപ്പുവരുത്തേണ്ടതാണ്. അദ്ധ്യാപകരുടെ ക്യാമ്പ് ഡ്യൂട്ടി ലിസ്റ്റ് ക്യാമ്പിൽ പ്രദർശിപ്പിക്കേണ്ടതാണ്.

12. എൻ റോൾമെന്റ് ലിസ്റ്റിൽ ഉൾപ്പെട്ട വോളന്റിയർമാർ മാത്രമേ ക്യാമ്പിൽ പങ്കെടുക്കുന്നുള്ളൂ എന്ന് പ്രിൻസിപ്പലും പ്രോഗ്രാം ഓഫീസറും ഉറപ്പാക്കണം.

13. എൻ.എസ്.എസ്. സെൽ നിർദ്ദേശിച്ചിട്ടുള്ള പരിപാടികൾ എല്ലാം ക്യാമ്പ് നോട്ടീസ് വിശദമായി ഉൾപ്പെടുത്തിയിരിക്കണം.

14. എൻ.എസ്.എസ് സെൽ നിർദ്ദേശിച്ചിട്ടുള്ള ബോധവൽക്കരണപരിപാടികൾ മാത്രമേ ക്യാമ്പിൽ ഉൾപ്പെടേണ്ടതുള്ളൂ.

15. ക്യാമ്പിൽ പങ്കെടുക്കുന്ന എല്ലാ വോളന്റിയർമാരും ഒരു ലഹരിവിരുദ്ധ പോസ്റ്റർ, ക്യാമ്പ് തുടങ്ങുന്നതിനു മുൻപായി ചാർട്ട് പേപ്പറിൽ തയ്യാറാക്കി ക്യാമ്പിൽ എത്തിക്കേണ്ടത്.

    ടി ചാർട്ടുകൾ ഉപയോഗിച്ച് ക്യാമ്പിംഗ് പ്രദേശത്തെ അനുയോജ്യമായ സ്ഥലം തിരഞ്ഞെടുത്ത് പോസ്റ്റർ പ്രദർശനം സംഘടിപ്പിക്കേണ്ടതാണ്.

16. ക്യാമ്പിനു മുന്നോടിയായി എല്ലാ രജിസ്റ്ററുകളും ഒന്നാം വർഷവിദ്യാർത്ഥികളുടെ വോളന്റിയർ വർക്ക് ഡയറിയും പൂർത്തീകരിക്കേണ്ടതും, അവ പരിശോധനയ്ക്കായി ക്യാമ്പ് ഓഫീസിൽ സൂക്ഷിക്കേണ്ടതുമാണ്.

17. ഭക്ഷണം ക്യാമ്പിൽ പാചകം ചെയ്യണം, പുറമേ നിന്നുള്ള ഭക്ഷണം അനുവദിക്കരുത്.

18. മൊബൈൽ ഫോൺ നിരോധനം, ക്യാമ്പിന് അനുയോജ്യമായ വസ്ത്ര ധാരണം, അച്ചടക്കം എന്നിവയുടെ കാര്യത്തിൽ കർശന നിലപാടുകൾ സ്വീകരിക്കേണ്ടതാണ്.

19. അപകടകരമായ രീതിയിൽ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ വോളന്റിയർമാരെ അനുവദിക്കരുത്. വെള്ളം, വൈദ്യുതി എന്നിവയുടെ കാര്യത്തിൽ വളരെ ശ്രദ്ധ വേണം.

    നദി, കുളം, കനാൽ, തോട് എന്നിവിടങ്ങളിൽ കുളിക്കാനോ മറ്റാവശ്യങ്ങൾക്കോ വോളന്റിയർമാർക്ക് അനുവാദം നൽകരുത്.

20. ക്യാമ്പിൽ പങ്കെടുക്കുന്ന വോളന്റിയർമാർ, ഡ്യൂട്ടിയിലുള്ള അദ്ധ്യാപകർ, ക്ഷണിക്കപ്പെട്ട വ്യക്തികൾ, എൻ.എസ്.എസ് ഓഫീസർമാർ എന്നിവർക്കല്ലാതെ ആർക്കും ക്യാമ്പിൽ പ്രവേശനമില്ല. പുറമേ നിന്നുള്ള യാതൊരുവിധ കലാപരിപാടികളും അനുവദനീയമല്ല.

21. ക്യാമ്പ് സമയത്ത് യാതൊരുവിധ ആവശ്യങ്ങൾക്കും വോളന്റിയർമാരെ വാഹനങ്ങൾ ഉപയോഗിക്കാൻ അനുവദിക്കരുത്.

22. 2 അദ്ധ്യാപകർ, 2 അദ്ധ്യാപികമാർ എന്നിവർ എല്ലാ ദിവസവും ക്യാമ്പ് ഡ്യൂട്ടിയിൽ ഉണ്ടായിരിക്കണം.

23. സാമൂഹിക പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ ക്യാമ്പിന് പുറത്തുപോകുമ്പോൾ ഗ്രൂപ്പായി മാത്രമേ വോളന്റിയർമാരെ നിയോഗിക്കാവൂ. പ്രവർത്തനം കഴിഞ്ഞ് എല്ലാവരും ക്യാമ്പിൽ എത്തി എന്ന് പ്രോഗ്രാം ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്. ക്യാമ്പിലും ക്യാമ്പിനു പുറത്തും വോളന്റിയർമാർ എൻ.എസ്.എസ്. ന്റേതായ അച്ചടക്കം പാലിക്കേണ്ടതാണ്.

24. എല്ലാ ക്യാമ്പുകളിലും ആവശ്യം വേണ്ട ഫസ്റ്റ് എയ്ഡ് കിറ്റ് സൂക്ഷിക്കേണ്ടതാണ്. ശാരീരികമായ എന്തെങ്കിലും അവശതകളോ അത്യാഹിതമോ ക്യാമ്പിലെ വോളന്റിയർമാർക്ക് ഉണ്ടാവുകയാണെങ്കിൽ ഉടനടി വൈദ്യസഹായം ലഭ്യമാക്കേണ്ടതാണ്.

25. വോളന്റിയർമാരെ 6 ഗ്രൂപ്പുകളായി തിരിക്കണം. (1) Mess Committe (2) Programme Committee (3) Project Committee, Cultural Programme & General Discipline Committee (5) Documentation Committee (6) Reception Committee. ഓരോ ഗ്രൂപ്പിലും 8 വീതം അംഗ

ങ്ങൾ ഉണ്ടായിരിക്കണം. (6x8=48) വോളന്റിയർമാർ ലീഡർമാരായ രണ്ടുപേർ പൊതുവായ ഏകോപന ചുമതല നിർവ്വഹിക്കണം. ഓരോ ഗ്രൂപ്പിനും ഓരോ ലീഡർമാർ തെരഞ്ഞെടുക്കണം. ഓരോ ദിവസവും ഗ്രൂപ്പുകൾക്ക് ചുമതല മാറ്റി നൽകേണ്ടതാണ്. അതാത് ദിവസത്തെ ക്യാമ്പ് വിലയിരുത്തൽ പാർലമെന്ററി രീതിയിൽ സംഘടിപ്പിക്കേണ്ടതാണ്.

26. സ്പെഷ്യൽ ക്യാമ്പുമായി ബന്ധപ്പെട്ട് പഠനയാത്രകൾ, ട്രക്കിംഗ്, ക്യാമ്പ് ഫയർ എന്നിവ പാടില്ല.

27. ക്യാമ്പ് പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനായി ക്യാമ്പംഗങ്ങൾ, പ്രിൻസിപ്പാൾ, പി.എ.സി.അംഗം, രക്ഷകർത്താക്കൾ, അദ്ധ്യാപക പ്രതിനിധികൾ, ഉപദേശകസമിതിയംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തി വാട്സ്ആപ്  ഗ്രൂപ്പ് രൂപീകരിക്കേണ്ടതാണ്. ക്യാമ്പ് പ്രവർത്തനങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ പ്രവർത്തനങ്ങളുടെ ഫോട്ടോ എന്നിവ ഗ്രൂപ്പിൽ പങ്കുവയ്ക്കാവുന്നതാണ്. ക്യാമ്പ് സമാപിക്കുന്നതോടെ ഗ്രൂപ്പ് പിരിച്ചുവിടേണ്ടതാണ്.

28. സ്പെഷ്യൽ ക്യാമ്പിൽ പങ്കെടുക്കുന്ന വോളന്റിയർമാരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുള്ള ചുമതല പ്രിൻസിപ്പളിനും പ്രോഗ്രാം ഓഫീസറിനുമായിരിക്കും. പ്രോഗ്രാം ഓഫീസർ മുഴുവൻ സമയവും ക്യാമ്പിൽ പങ്കെടുക്കേണ്ടതാണ്.

29. ഓരോ ദിവസവും ക്യാമ്പ് പൂർത്തിയായതിനുശേഷം എല്ലാ വോളന്റിയർമാരും ഡയറിയിൽ ക്യാമ്പ് പ്രവർത്തനങ്ങൾ രേഖപ്പെടുത്തണം.

30. ക്യാമ്പ് റിപ്പോർട്ട് അതതു ദിവസം തന്നെ തയ്യാറാക്കണം. ക്യാമ്പ് പത്രം തയ്യാറാക്കി ക്യാമ്പിൽ പ്രദർശിപ്പിക്കേണ്ടതാണ്.

## ‘വെളിച്ചം –2022’

## ക്യാമ്പ് പദ്ധതികൾ

1. **തേൻകനി–ദശഫലവൃക്ഷം**

ക്യാമ്പിന് വിദ്യാലയത്തിൽ വിവിധ തരത്തിലുള്ള കുറഞ്ഞത് പത്ത് നാടൻ ഫലവൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്ന പ്രവർത്തനം. ഗുണനിലവാരമുള്ളതും വൈവിധ്യമാർന്നതുമായ വൃക്ഷത്തൈകൾ തിരഞ്ഞെടുത്ത് നട്ടുപിടിപ്പിക്കേണ്ടതാണ്.

ക്യാമ്പിംഗ് സ്കൂൾ പി.ടി.എ., സ്കൂൾ മാനേജ്മെന്റ് കമ്മറ്റി എന്നിവയുടെ സഹകരണം ഉറപ്പാക്കിവേണം ഈ പ്രവർത്തനം നടപ്പിലാക്കേണ്ടത്. ക്യാമ്പിന്റെ ഒന്നാം ദിനം തന്നെ ഈ പ്രവർത്തനം പൂർത്തിയാക്കേണ്ടതാണ്. ടി വൃക്ഷത്തൈകൾക്ക് എൻ.എസ്.എസ്. യൂണിറ്റിന്റെ പേര് പ്രദർശിപ്പിക്കുന്ന സംരക്ഷണവേലി നിർമ്മിക്കുകയും തുടർന്നുള്ള ക്യാമ്പിംഗ് ദിനങ്ങളിൽ മതിയായ പരിചരണം നൽകുകയും ചെയ്യേണ്ടതാണ്.

ക്ലസ്റ്റർ കൺവീനർമാർ അതതു ക്ലസ്റ്ററുകളിലെ യൂണിറ്റുകളിൽ നട്ടുപിടിപ്പിച്ച മുഴുവൻ വൃക്ഷത്തൈകളുടെയും ചിത്രങ്ങളടങ്ങിയ ഒരു കൊളാഷും ഇംഗ്ലീഷിൽ തയ്യാറാക്കിയ ലഘുവിവരണവുമടങ്ങിയ ഒരു റിപ്പോർട്ടും ജില്ലാ കൺവീനർക്ക്  A4  സൈസിൽ വേർഡ് ഫോർമാറ്റിൽ സോഫ്റ്റ് കോപ്പിയായി velicham2022@gmail.com  മെയിലിൽ സംസ്ഥാന സെല്ലിലേക്ക് അയക്കേണ്ടതാണ്.

02. **ഹരിത സംസ്കൃതി – അഞ്ചുലക്ഷം അടുക്കളത്തോട്ടങ്ങൾ**

സപ്തദിന ക്യാമ്പിന് മുന്നോടിയായി പ്രദേശവാസിയായ ഒരു കർഷകനുമായി വോളന്റിയർമാരുടെ കൂടിയിരിപ്പ് സംഘടിപ്പിച്ച് ആയതിലെ തീരുമാനപ്രകാരം ക്യാമ്പിംഗ് സ്കൂളിലും പരിസരത്തെ ഇരുപത്തിയഞ്ച് വീടുകളിലും കുറഞ്ഞത് പത്ത് പച്ചക്കറി തൈകൾ ഉള്ള അടുക്കള

ത്തോട്ടങ്ങൾ നിർമ്മിച്ചുനൽകേണ്ടതാണ്. ഈ പ്രവർത്തനത്തിനാവശ്യമായ പച്ചക്കറിതൈകൾ അതത് യൂണിറ്റുകൾ ഉല്പാദിപ്പിക്കുകയോ ലഭ്യമായ ഇടങ്ങളിൽ നിന്ന് ശേഖരിക്കുകയോ ചെയ്യേണ്ടതാണ്. (കേവലം പച്ചക്കറിവിത്തുകൾ വിതരണം ചെയ്യലല്ല ഈ പ്രവർത്തനം ലക്ഷ്യമിടുന്നത്)

ഹരിത സംസ്കൃതി പ്രവർത്തനത്തിൽ ഏർപ്പെട്ടതു സംബന്ധിച്ച സാക്ഷ്യപത്രം എൻ.എസ്.എസ്. സെല്ലിൽ നിന്നു നൽകിയിരിക്കുന്ന മാതൃകയിൽ തയ്യാറാക്കി അടുക്കളത്തോട്ടം-തയ്യാറാക്കുന്ന വീടുകളിലെ ഗൃഹനാഥയുടെ/ഗൃഹനാഥന്റെ ഒപ്പോടുകൂടി ശേഖരിക്കുകയും യൂണിറ്റുതലത്തിൽ സ്പൈറൽ ബൈൻഡ് ചെയ്ത് മോണിറ്ററിംഗിന് ഹാജരാക്കേണ്ടതാണ്. ടി പ്രവർത്തനങ്ങളുടെ ഫോട്ടോകളും ലഘുവിവരണവും അടങ്ങിയ രണ്ടു പേജിൽ കുറയാത്ത റിപ്പോർട്ട് ടി ഡോക്യുമെന്റിന്റെ ആദ്യഭാഗത്തായി ചേർക്കേണ്ടതാണ്.

ഗൃഹസന്ദർശനവേളയിൽ ഖരമാലിന്യ സംസ്ക്കരണ ബോധവൽക്കരണവും സക്രാപ്പ് ശേഖരണവും നടത്താവുന്നതാണ്.

03. **നിപുണം**

ഓരോ പ്രദേശത്തെയും തദ്ദേശനൈപുണികൾ ഉൾപ്പെടെ വിവിധ ഉൽപ്പാദന സാദ്ധ്യതകൾ കണ്ടെത്തി അവ വോളന്റിയർമാരെ പരിചയപ്പെടുത്തുകയും പരിശീലിപ്പിക്കുകയും ചെയ്യുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി.

ഇത്തരത്തിൽ ഏതെങ്കിലും ഒരു മേഖലയിൽ വോളന്റിയർമാർക്ക് പരിശീലനം കൊടുക്കുകയും പ്രസ്തുത നൈപുണ്യം പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള ഉൽപാദനയൂണിറ്റ് ക്യാമ്പ് പ്രവർത്തനത്തിന്റെ ഭാഗമായി രൂപീകരിക്കുകയും തുടർപ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യേണ്ടതാണ്.

ടി പ്രവർത്തനത്തിന്റെ ഭാഗമായുള്ള ഉൽപ്പന്നങ്ങൾ ഗൃഹസന്ദർശന വേളകളിൽ വിതരണം ചെയ്യാവുന്നതാണ്.

04. **'അരങ്ങ്' – 6000 ലഹരിവിരുദ്ധ തെരുവ് നാടകങ്ങൾ**

കേന്ദ്രീകൃതമായി തയ്യാറാക്കി നൽകുന്ന സ്ക്രിപ്റ്റിനനുസൃതമായി എല്ലാ യൂണിറ്റുകളും ലഹരിമുക്തി സന്ദേശം പൊതുസമൂഹത്തിലെത്തിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ക്യാമ്പിന്റെ 4,5 ദിവസങ്ങളിൽ വൈകുന്നേരം കുറഞ്ഞത് നാല് പൊതു ഇടങ്ങളിൽ നാടകാവതരണം നടത്തേണ്ടതാണ്.

ശ്രീ. ജിനേഷ്കുമാർ എരമം രചിച്ച് ഹയർസെക്കന്ററി എൻ.എസ്.എസ്. ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനത്തിനായി സമർപ്പിച്ച 'ശിരസ്സുയർത്തി പറയുക....' എന്നു തുടങ്ങുന്ന ഗാനം സംഗീത ശില്പരൂപത്തിൽ നാടകത്തിനു മുന്നോടിയായി അവതരിപ്പിക്കേണ്ടതാണ്.

മേൽപറഞ്ഞ രണ്ട് പ്രവർത്തനങ്ങളുടെയും പരിശീലനത്തിനാവശ്യമായ വീഡിയോ ട്യൂട്ടോറിയലുകൾ തയ്യാറാക്കി നൽകുന്നതാണ്. എക്സൈസ്/പോലീസ് വകുപ്പുകളുമായി കൂടിചേർന്നായിരിക്കണം ഈ പരിപാടി സംഘടിപ്പിക്കേണ്ടത്. ടി പരിപാടിയുടെ യു ട്യൂബ് ലിങ്ക് പരിപാടി കഴിയുമ്പോൾത്തന്നെ ജില്ലാ കൺവീനർമാർ ക്ലസ്റ്റർ കൺവീനർമാർവഴി സ്വീകരിച്ച് ക്രോഡീകരിക്കേണ്ടതാണ്.

05. **സ്നേഹസന്ദർശനം**

ക്യാമ്പിംഗ് പ്രദേശത്തെ ജീവിത സായാഹ്നത്തിലെത്തി നിൽക്കുന്ന വയോജനങ്ങളെ വോളന്റിയർമാർ ഗ്രൂപ്പുകളായി തിരിഞ്ഞ് ഗൃഹാന്തരീക്ഷത്തിൽ സന്ദർശിക്കുകയും അവർക്കൊപ്പം ക്വാളിറ്റിടൈം ചെലവഴിക്കുകയും ചെയ്യേണ്ടതാണ്.

കേന്ദ്രീകൃതമായി നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടാകണം ടി സന്ദർശനം സംഘടിപ്പിക്കേണ്ടത്. എൻ.എസ്.എസ്. സെൽ തയ്യാറാക്കി നൽകുന്ന നിശ്ചിത ചോദ്യാവലിയുടെ പ്രതികരണങ്ങൾ വയോധികരിൽ നിന്ന് തേടേണ്ടതും ആയത് ക്രോഡീകരിച്ച് റിപ്പോർട്ടാക്കി യൂണിറ്റ് തലത്തിൽ സൂക്ഷിക്കേണ്ടതും മോണിറ്ററിംഗിന് ഹാജരാക്കേണ്ടതുമാണ്. ടി പ്രവർത്തനം പ്രദേശത്തെ ആശാവർക്കറുടെ സഹായത്തോടെ പൂർത്തീകരിക്കേണ്ടതാണ്.

06. **തദ്ദേശീയം-തനതുപരിപാടി**

നാഷണൽ സർവ്വീസ് സ്കീമിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളോട് ചേർന്നുനിൽക്കുന്ന, അഭികാമ്യമായ ഏതൊരു പരിപാടിയും പ്രാദേശിക സാധ്യതയ്ക്കനുസരിച്ച് ആസൂത്രണം ചെയ്ത് നടപ്പിലാക്കാവുന്നതാണ്.

പ്രസ്തുത പദ്ധതി മുൻകൂട്ടി ആസൂത്രണം ചെയ്ത് പി.എ.സി. അംഗം വഴി ജില്ലാ കൺവീനറുടെ അനുമതി വാങ്ങേണ്ടതാണ്.

07. **'കില്ലാടി പാവ' – ലഹരിവിരുദ്ധ പ്രചാരണ പാവ നിർമ്മാണം**

സംസ്ഥാന സർക്കാർ, നടപ്പിലാക്കുന്ന ലഹരിവിരുദ്ധ കാമ്പയിനായ 'Say no to drug' പദ്ധതിയോടു ചേർന്നുകൊണ്ട് ഹയർ സെക്കന്ററി എൻ.എസ്.എസ് വോളന്റിയർമാർ ലഹരിക്കെതിരെ പോരാടുന്ന യുവത്വത്തിന്റെ പ്രതീകമായി 'കില്ലാടിപാവകൾ' നിർമ്മിക്കുന്ന പദ്ധതിയാണിത്. ഒരു വോളന്റിയർ ശരാശരി 20 പാവകൾ എന്ന ക്രമത്തിൽ യൂണിറ്റ് 1000 പാവകൾ നിർമ്മിക്കുകയും അവയെ പൊതു സമൂഹത്തിൽ പരമാവധി പ്രചരിപ്പിക്കുകയും ചെയ്യണം.

കമ്മ്യൂണിറ്റി വർക്കുകൾക്കുവേണ്ടി ഗൃഹസന്ദർശനം നടത്തുമ്പോൾ പാവകൾ വിതരണം ചെയ്യുകയും അവയെക്കുറിച്ച് വിവരിച്ച് നൽകുകയുമാവാം. അനായാസമായി പാവ നിർമ്മിക്കാനുള്ള ട്യൂട്ടോറിയൽ വീഡിയോകൾ എൻ.എസ്.എസ്. സെൽ തയ്യാറാക്കി നൽകും.

ഇതിനോടൊപ്പം ലഹരിവിരുദ്ധ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നത് ലക്ഷ്യമിട്ടുകൊണ്ട് എൻ.എസ്. എസ്. സെൽ തയ്യാറാക്കി നൽകുന്ന മാതൃകയിലുള്ള സ്റ്റിക്കറുകൾ ഒരു യൂണിറ്റ് 500 എണ്ണം തയ്യാറാക്കുകയും ക്യാമ്പിംഗ് പ്രദേശങ്ങളിലെ വീടുകളിൽ പതിക്കേണ്ടതുമാണ്.

08. **ലഹരി വിരുദ്ധ ക്യാൻവാസ്**

ക്യാമ്പിംഗ് സ്കൂളിൽ പി.ടി.എ.യുടെയും സ്കൂൾ അധികൃതരുടെയും അനുമതിയോടെ വിദ്യാലയ ചുമരിലോ ചുറ്റുമതിലിലോ ലഹരിവിരുദ്ധ സന്ദേശങ്ങൾ തയ്യാറാക്കുന്ന പ്രവർത്തനമാണ് ഇത്. ഏകീകൃതമായ സന്ദേശങ്ങളുടെ പട്ടിക എൻ.എസ്.എസ്. സെൽ തയ്യാറാക്കി നൽകും.

## ക്യാമ്പിലെ ബോധവൽക്കരണ പരിപാടികൾ

01. **ഉജ്ജീവനം – ആത്മഹത്യാപ്രതിരോധ ബോധവൽക്കരണം**

കേന്ദ്രീകൃതമായി തയ്യാറാക്കിയ മോഡ്യൂൾ അനുസരിച്ച് പരിശീലനം ലഭിച്ച പ്രോഗ്രാം ഓഫീസർമാരും വോളന്റിയർമാരും പി.എ.സി.അംഗങ്ങളും ക്യാമ്പിൽ പങ്കെടുക്കുന്ന വോളന്റിയർമാർക്ക് ആത്മഹത്യാ പ്രതിരോധബോധവൽക്കരണം സംഘടിപ്പിക്കുന്ന പരിപാടി. ഇതിന്റെ തുടർച്ചയായി വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും സംസ്ഥാന മാനസികാരോഗ്യപദ്ധതിയുടെ സഹായത്തോടെ ശാസ്ത്രീയപരിശീലനം നൽകും.

02. **ഗ്രാമദീപിക**

അടിസ്ഥാന ജനവിഭാഗങ്ങളുടെ ജീവിതരീതി, തൊഴിൽ സർഗ്ഗ വൈഭവം എന്നിവ പരിചയപ്പെടുത്തുന്നതിനുവേണ്ടിയുള്ള പദ്ധതിയാണിത്.

ക്യാമ്പിംഗ് പ്രദേശത്തെ കുടുംബശ്രീ യൂണിറ്റിനെ ക്യാമ്പിലേക്ക് ക്ഷണിക്കുകയും പ്രോഗ്രാം

ഓഫീസറുടെ പിന്തുണയോടെ കുടുംബശ്രീ യൂണിറ്റിലെ മുതിർന്ന അംഗങ്ങളെ കുട്ടികളുടെ പൂർണ്ണമായ നേതൃത്വത്തിൽ ആദരിക്കുകയും അവരുമായി അഭിമുഖം, അനുഭവം പങ്കുവയ്ക്കൽ, കുടുംബശ്രീ ഉല്പന്നങ്ങളുടെ പ്രദർശനം തുടങ്ങിയവ സംഘടിപ്പിക്കുക.

ഈ പരിപാടിക്ക് കൃത്യമായ മുന്നൊരുക്കവും ആസൂത്രണവും നടത്തുകയും കുടുംബശ്രീ എ.ഡി.എസ്., സി.ഡി.എസ്., സംവിധാനങ്ങളുമായി ആശയവിനിമയം നടത്തി സംഘടിപ്പിക്കുകയും ചെയ്യേണ്ടതാണ്. ഈ പരിപാടിയുടെ പ്രസക്ത ഭാഗങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള 10 മിനിട്ട് വീഡിയോ യു ട്യൂബിൽ അപ് ലോഡ് ചെയ്യുകയും അത് അന്തർ ജില്ലാ മോണിറ്ററിംഗ് സമയത്ത് പ്രദർശിപ്പിക്കുകയും ചെയ്യണം.

03. **സന്നദ്ധം–** പ്രഥമശുശ്രൂഷാ ബോധവൽക്കരണം

ഫയർ & റസ്ക്യൂ ഡിപ്പാർട്ടുമെന്റിന്റെ സേവനം ഉപയോഗപ്പെടുത്തിക്കൊണ്ട് പ്രഥമശുശ്രൂഷാപരിശീലനം സംഘടിപ്പിക്കേണ്ടതാണ്. അടിയന്തിര ഘട്ടങ്ങളിൽ സമചിത്തതയോടെയും സന്നദ്ധതയോടെയും മുന്നിട്ടിറങ്ങി ജീവരക്ഷാ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ വോളന്റിയർമാരെ പ്രാപ്തരാക്കുക എന്നതാണ് ഈ ബോധവൽക്കരണംകൊണ്ട് ലക്ഷ്യമിടുന്നത്.

04. **സുസ്ഥിര ലോകം –** കാലാവസ്ഥാ വ്യതിയാന ബോധവൽക്കരണം

കാലാവസ്ഥാ വ്യതിയാനത്തിന്റെ കാരണങ്ങൾ, തൽഫലമായി സംഭവിക്കുന്ന പ്രകൃതിക്ഷോഭങ്ങൾ, ദുരന്തങ്ങൾ, സുസ്ഥിരപരിഹാരമാർഗ്ഗങ്ങൾ എന്നിവയെ സംബന്ധിച്ച് സമഗ്ര ധാരണ വളർത്തുന്നതിനും അഭിലഷണീയമായ പാരിസ്ഥിതിക അവബോധം രൂപപ്പെടുത്തുന്നതിനുമായി പ്രവർത്തനാധിഷ്ഠിത ബോധവൽക്കരണ പ്രവർത്തനം സംഘടിപ്പിക്കേണ്ടതാണ്.

05. **'ഭാരതീയം'**

ശാസ്ത്രീയാഭിരുചി – മാനവീകത–അന്വേഷണത്വര –ആശയസംവാദം

ഇന്ത്യൻ ഭരണഘടനയുടെ മൗലികകടമകളിൽ ഉൾചേർക്കപ്പെട്ടിട്ടുള്ള ഉന്നത ആദർശങ്ങളായ ശാസ്ത്രീയാഭിരുചിയും, മാനവീകതയും, അന്വേഷണത്വരയും വോളന്റിയർമാർക്ക് സ്വായത്തമാക്കാനുള്ള അവസരം നൽകുകയാണ് ഈ പ്രവർത്തനത്തിലൂടെ ലക്ഷ്യമിടുന്നത്. കൃത്യമായ മുന്നൊരുക്കങ്ങളോട ജനാധിപത്യപരമായി എല്ലാ വോളന്റിയർമാരുടെയും പങ്കാളിത്തം ഉറപ്പുവരുത്തികൊണ്ട് പ്രവർത്തനാധിഷ്ഠിത ബോധവൽക്കരണമായാണ് ഈ പരിപാടി സംഘടിപ്പിക്കേണ്ടത്. ചർച്ചാ സൂചകങ്ങളും നിർദ്ദേശങ്ങളുമടങ്ങിയ ലഘുലേഖ തയ്യാറാക്കി നൽകുന്നതാണ്.

06. **പ്രസംഗപരിശീലനം/നേതൃത്വപരിശീലനം**

പൊതുവേദികളിൽ അനുവർത്തിക്കേണ്ട ചിട്ടവട്ടങ്ങൾ, നടപടിക്രമങ്ങൾ, ആത്മവിശ്വാസത്തോടെ സദസിനെ അഭിമുഖീകരിക്കാനുള്ള നൈപുണ്യം തുടങ്ങിയവ സ്വായത്തമാക്കുന്നതിനായി വോളന്റിയർമാർക്ക് പ്രസംഗപരിശീലന ശില്പശാല സംഘടിപ്പിക്കാവുന്നതാണ്.

**OR**

പ്രവർത്തനനിരതയിലൂടെ പുതിയ സാധ്യതകൾ സൃഷ്ടിക്കുക, കൃത്യമായ ദർശനവും ദിശാബോധവും വളർത്തുക, തുടങ്ങിയ സമീപനങ്ങളെ ആധാരമാക്കി വോളന്റിയർമാർക്ക് വേണ്ടി നേതൃത്വപരിശീലനപരിപാടി സംഘടിപ്പിക്കുക.

പൊതുവിദ്യാഭ്യാസ ഡയറക്ടർ, ജോയിന്റ് ഡയറക്ടർമാർ, എൻ.എസ്.എസ്. റീജിയണൽ ഡയറക്ടർ, സ്റ്റേറ്റ് എൻ.എസ്.എസ്. ഓഫീസർ, ഹയർസെക്കന്ററി ഡെപ്യൂട്ടി ഡയറക്ടർമാർ, റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ, സ്റ്റേറ്റ് എൻ.എസ്.എസ്. സെല്ലിലെ ഉദ്യോഗസ്ഥർ, റീജിയണൽ പ്രോഗ്രാം കൺവീനർമാർ, ജില്ലാ കൺവീനർമാർ, പി.എ.സി. അംഗങ്ങൾ, സംസ്ഥാന ഉപദേശകസമിതി അംഗങ്ങൾ എന്നിവർ ക്യാമ്പ് സന്ദർശിക്കുന്നതാണ്.

ഏവർക്കും സന്തോഷവും പ്രയോജനപ്രദവുമായ ഒരു സപ്തദിന ക്യാമ്പ് ആശംസിക്കുന്നു.